**<u>15 -ാം കേരള നിയമസഭ</u>**

**<u>12 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 882</u>** **<u>09-10-2024 - ൽ മറുപടിയ്ക്ക്</u>**

**<u>പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. പി. അനിൽ കുമാർ** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് അനുവദിച്ച വിവിധ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നിലവിൽ എത്ര തുക കുടിശ്ശികയുണ്ട് എന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ; പ്രസ്തുത ആനുകൂല്യങ്ങൾ അടിയന്തരമായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ? | (എ) | പട്ടികജാതി വിഭാഗം വിദ്യാർഥികളുടെ 2022-23, 2023-24 അധ്യയന വർഷങ്ങളിലെ അപ്രൂവൽ ലഭിച്ച ഇ-ഗ്രാന്റ്സ് പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് ക്ലെയിമുകൾ 2024-25 സാമ്പത്തിക വർഷം ബഡ്ജറ്റിൽ ലഭ്യമായ 223 കോടി രൂപ പൂർണമായും വിനിയോഗിച്ച് കൊണ്ട് കുടിശിക വിതരണം ചെയ്തിട്ടുണ്ട്. പട്ടികജാതി വിഭാഗ വിദ്യാർത്ഥികൾക്ക് 2022-23 വർഷം 1.50 കോടി രൂപയും 2023-24 വർഷത്തെ കുടിശിക ഇനത്തിൽ 108.50 കോടിയും ഉൾപ്പെടെ ആകെ 110.00 കോടി രൂപ കുടിശിക വിതരണം ചെയ്യാനുണ്ട്. സ്കോളർഷിപ്പ് ഇനത്തിലെ കുടിശ്ശിക വിതരണം പൂർത്തീകരിക്കുന്നതിനായി ബന്ധപ്പെട്ട ശീർഷകത്തിൽ അധിക തുക വകയിരുത്തി ലഭ്യമാക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് 2023-24 വരെ 18.29 കോടി രൂപ കുടിശികയുണ്ട്. കുടിശിക അടക്കമുള്ള മുഴുവൻ തുകയും അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ